# ..... ഹക്കുന്ന മത്താത്ത .....

# ((എനിക്കും നിനക്കും കല്യാണം))



എന്റെ ആഫ്രിക്കൻ അങ്കചുവടുകളും അടവുകളും .....

ഉണരുവിൻ ..... ഉണരുവിൻ ..... ഉണർന്നുണർന്ന് .....ഒരുമതൻ ആർപ്പുനാദം മുഴക്കുവിൻ.....

ഞങ്ങളുടെ ആഫ്രിക്കൻ അങ്കത്തിനുള്ള പുറപ്പാട് ഒക്ടോബർ 17 ന് രാവിലെ തന്നെ ആരംഭിച്ചിരുന്നു. .... ആഫ്രിക്കയല്ലേ ...? ഇരുണ്ട ഭൂഖണ്ഡമല്ലേ .....? ഘോരവനമല്ലേ ....? ആണൊത്ത ചോകവനാണെങ്കിലും ഒരു അങ്കലാപ്പ് .... കാന്താരി തേച്ച് പിടിപ്പിച്ചതുപോലെ ഒരു നീറ്റൽ.... എന്റെ ഉള്ളിലെ ഭീതി അറിഞ്ഞിട്ടാകണം ശ്രീമതി ꣳതീക്ഷ്ണമായ മുത്തുഗ്ഗൗꣳ പ്രയോഗത്തിലൂടെ ഞാൻ ചാടി രക്ഷപ്പെടാതെ അങ്കത്തട്ടിൽ തന്നെ പിടിച്ചു നിർത്തുന്നുണ്ട്....

ഝാൻസി റാണിയുടെയും ഛത്രപതി ശിവാജിയുടേയും രാജ്യം വഴിയാണ് ഞങ്ങൾ തിരുവനന്തപുരത്തു നിന്നും നെയ്റോബിയിൽ 18 ന് എത്തിചേർന്നത്.

19 ന് വൈകുന്നേരം ആയപ്പോൾ നാനാദേശത്തു നിന്നും സർവ്വരും വിന്റസർ കൊട്ടാരത്തിൽ എത്തിചേർന്നിരിക്കുന്നു. ആകെ 77 പേർ. നൈനാൻ താല്ക്കാലികമായി വിട്ടു നില്ക്കുന്നു. ഭാരവാഹികൾ എല്ലാം വ്യക്തതയോടെ കാര്യപരിപാടി വിശദീകരിക്കുന്നുണ്ട്.... സംശയാലുക്കൾ ധാരാളം.... അത്രയും തന്നെ ചോദ്യങ്ങളും ..... ഞാൻ പൂർണ്ണ ജ്ഞാനിയെപ്പോലെ ചോദ്യങ്ങളൊന്നും ചോദിക്കാതെ മീശ പിരിച്ചുകൊണ്ട് ഞെളിഞ്ഞിരിക്കുന്നു...... അല്ലെങ്കിലും ഉത്തമചേകവന്റെ ആയുധം വാക്കുകളല്ലല്ലോ....യോഗാവസാനം.....ഏവരും ആശ്ലേഷിക്കുന്നു..... സൗഹൃദവും വിശേഷങ്ങളും പങ്കുവയ്ക്കുന്നു..... വളരെ ഹൃദയസ്പർശിയായ കാഴ്ച..... മേലിലും തതുല്യ അവസരങ്ങൾക്കായി ആത്മാർത്ഥമായി പ്രാർത്ഥിച്ച നിമിഷങ്ങൾ.....

രാത്രി ഭക്ഷണത്തിനു സമയമായിരിക്കുന്നു., കൊട്ടാരവളപ്പിൽ തന്നെ പ്രത്യേകം ഭക്ഷണപാനീയങ്ങൾ സജ്ജീകരിച്ചിരിക്കുന്നു. ഏവർക്കും ആകെ ഒരു ഇളക്കം വന്നിട്ടുണ്ട്... ഏവരെയും അത്ഭുതപ്പെടുത്തികൊണ്ട് ഒരു കൂട്ടം നർത്തകരും അഭ്യാസികളും വേദിയിൽ ആടിപ്പൊടിക്കുന്നു.... ഭക്ഷണമോ കേമം.... അതിലും ഉത്തമം വേദിയിലെ പ്രകടനങ്ങൾ.... മിനിട്ടുകൾ കഴിഞ്ഞിരിക്കും ഏവരേയും സ്തബ്ദരാക്കി കൊണ്ട് ശോഭ, റ്റീന, ഹർഷ തുടങ്ങിയ നമ്മുടെ നൃത്തസംഘം വേദി

കയ്യടക്കുന്നു. കൂടെ മറ്റു പലരും.... തുടർന്ന് ചേകവനും അങ്കത്തട്ടിലേക്കു കുതിച്ചു ചാടി..... ആകെ മേളം ..... ആഹ്ളാദതിമിർപ്പുകൾ..... ആർപ്പുവിളികൾ..... ജീവിതം തന്നെ ധന്യമായ നല്ല മുഹൂർത്തങ്ങൾ... ഏവരും തൃപ്തിയോടെ പരസ്പരം ആശംസകൾ പങ്കുവയ്ക്കുന്നു.



പിറ്റേന്നു രാവിലെ തന്നെ ചൂളം വിളിച്ചു കൊണ്ട് സന്തോഷ് , അശോക്, ഫസൽ, ഫെൻവിക്, സുരേഷ് തുടങ്ങിയ വീരപ്പന്മാർ തലങ്ങും വിലങ്ങും ഓടുന്നു. ചേകവനും കളരിയിലേക്കു ഓടിയിറങ്ങി. ... സർവ്വരും പ്രഭാതസവാരി ആഘോഷിക്കുന്നുണ്ടായിരുന്നു...

പ്രത്യകം സജ്ജമാക്കിയ 13 വാഹനങ്ങളിൽ യാത്രയ്ക്കു സമയമായി.... കൊട്ടാരവളപ്പിലെ ചിത്രീകരണം പൂർത്തിയാകുന്നേയില്ല.... വീണ്ടും വീണ്ടും ചിത്രങ്ങൾ .....?

13 ക്യാപ്റ്റൻമാരുടെ കീഴിൽ യാത്ര ആരംഭിച്ചു. വഴിയോര കാഴ്ചകൾ ദയനീയം... വലിയ ഭാരവും തോളിലേന്തി മൈലുകൾ താണ്ടുന്ന ഇടയന്മാർ, വിദ്യാർത്ഥികൾ അങ്ങനെ വളരെ ക്ലേശകരമായ ജീവിതം നയിക്കുന്ന ബഹുമുഖ പൗരന്മാർ നാടെങ്ങും... മണിക്കൂറുകൾ കഴിഞ്ഞിരിക്കുന്നു... യാത്ര പ്രധാന വീഥികൾ താണ്ടി. ലക്ഷ്യസ്ഥാനമായ മൃഗസംരക്ഷണ കേന്ദ്രത്തിലേക്കുള്ള ഊട് വഴികൾ ഒന്നൊന്നായി തരണം ചെയ്തു തുടങ്ങി.

ഹോ!! സമാധാനമായി, വാസസ്ഥലമെത്തിയിരിക്കുന്നു. ...വർണ്ണപകിട്ടാർന്ന വസ്ത്രം ധരിച്ച ഗോത്രവർഗ്ഗക്കാർ പാട്ടും നൃത്തവുമായി അഭിവാദ്യമർപ്പിക്കുന്നു...... സ്വാഗതമോതുന്നു... നമ്മുടെ സംഘവും ആഹ്ലാദത്തിൽ പങ്കുചേരുന്നു.

ഉച്ചഭക്ഷണം കഴിഞ്ഞു.... ഉടനെ തന്നെ വനാന്തരങ്ങളിലേക്കു .... കർശന നിർദ്ദേശം വന്നു.... "മൃഗങ്ങളെ ചൊടിപ്പിക്കരുത്...."



ആദ്യം ചിംപാൻസിയുടെ അനാഥായത്തിലേക്കു..... കണ്ടു, നമ്മുടെ വികാരവിചാരങ്ങളും, ചേഷ്ടകളുമുള്ള പല വീരപരാക്രമികളെയും.... അവരുടെ തന്നെ ആകാശ വിശാലതയിൽ..... യാത്ര തുടരുമ്പോൾ വഴി മദ്ധ്യ ഒരു കൂട്ടം ആനകൾ ... ഉത്കണ്ഠയും ആവേശവും കാരണം അന്തരീക്ഷമാകെ ശബ്ദമുഖരിതമായി.... കൂട്ടത്തിലെ കൊമ്പൻ മൂപ്പൻ കൊമ്പു കുലുക്കി തിരിഞ്ഞു നിന്നു ചിന്നം വിളിക്കുന്നു. എന്നിലെ ചേകവ പോരാളിയേ തിരിച്ചറിഞ്ഞതു കൊണ്ടാവാം കൊമ്പൻ സ്വയം അങ്കത്തട്ടിൽ നിന്നും ഓടി മറഞ്ഞു.

വീണ്ടും വീണ്ടും കൗതുകകാഴ്ചകളായി വിവിധ തരം പക്ഷിമൃഗാദികൾ വഴിയരികിൽ.... മൃഗരാജൻ പൂർണ്ണ ഗാംഭീരതയോടെ വഴി മുടക്കുന്നു.... അവരും ചേകവന്റെ സാന്നിധ്യം മനസ്സിലാക്കിയിരുന്നു.... പ്രാണരക്ഷാർത്ഥം അവയും നടന്നു മറയുന്നു....

ഒറ്റക്കൊമ്പൻ കാണ്ടാകൃഗത്തെ അവന്റെ സങ്കേതത്തിൽ ചെന്നു തുല്യ ശക്തികളുടെ പോരാട്ടത്തിൽ കീഴ്പ്പെടുത്തി പുല്ല് തീറ്റിച്ചു ചേകവൻ തൃപ്തി അടയുന്നു... പലതരം വാനരന്മാർ , ഒട്ടകപക്ഷികൾ, ജിറാഫ്, സീബ്രാ, മാൻകൂട്ടങ്ങൾ തുടങ്ങി കണ്ണിനും മനസ്സിനും ആനന്ദമേകുന്ന നിരവധി കാഴ്ചകൾ.



അവസാനം വാസസ്ഥലത്തു എത്തി ചേർന്ന്.... ആഹാരം കഴിച്ചു.... ഗാനസന്ധ്യ..... ഒരുപിടി നല്ല ഗാനങ്ങൾ ഗാനഗന്ധർവ്വന്മാർ ആലപിച്ചു .... ദിവസം കുശാൽ...

ശരിയായ അടപ്പുകളില്ലാത്ത കൂടാരത്തിലാണ് ഉറക്കം. ചുറ്റിലും കാട്ടു മൃഗങ്ങൾ .... കർണ്ണൻ ......ആശാൻ ദ്രോണരേ പരിചരിച്ചതുപോലെ ഒരു ധർമ്മയുദ്ധ പോരാളിയുടെ ചുമതല ഏറ്റെടുത്തു ശ്രീമതിക്കു സുഖനിദ്ര സമ്മാനിക്കുവാൻ ചേകവൻ കാവൽ നിന്നു......

വീണ്ടും പ്രഭാതം ,പ്രഭാതസവാരി സാകൂതം മുന്നോട്ടു തന്നെ..... ഭക്ഷണം കഴിഞ്ഞു....യാത്രയ്ക്കു സമയമായി.... പുതിയ വാഹനവും ക്യാപ്റ്റനും.... പെട്ടെന്നു സൗഹൃദം പങ്കുവച്ചു യാത്ര ആരംഭിച്ചു..... ക്ലേശകരമായ മലമ്പാതകൾ....

നൈവേഷ തടാകത്തിന്റെ ഓരത്തുള്ള കമനീയമായ വാസസ്ഥലം എത്തി... ഭക്ഷണം കഴിച്ചു..... വീണ്ടും യാത്ര....ലക്ഷ്യം തടാകത്തിലെ എണ്ണിയൊലൊതുങ്ങാത്ത ഹിപ്പോകളെ കൈയ്യാമം വച്ചു കരയ്ക്കു എത്തിക്കണം....വള്ളത്തിൽ പോർവിളിയുമായി ചേകവൻ മുന്നിൽ.... ഹിപ്പോകൾ ആരും പോരിനു തയ്യാറല്ല. ഒരു പറ്റം പക്ഷികൾ / പരുന്തുകൾ മാനത്തു പറന്നു സൂക്ഷ്മ നിരീക്ഷണം നടത്തുന്നു..... ഹിപ്പോകൾക്കു ചേകവന്റെ ഗുണലക്ഷണങ്ങൾ മനസ്സിലാക്കി കൊടുക്കുകയാണ് ഇവറ്റകൾ... ഏതു പ്രതികൂല സാഹചര്യത്തേയും വെല്ലുവിളിച്ചു നിൽക്കുന്ന ചേകവന്റെ മുന്നിൽ മുങ്ങി ഒളിക്കാതെ ഹിപ്പോകൾക്ക് തരമില്ലല്ലോ. .. വള്ളം കരയ്ക്കു അണഞ്ഞപ്പോൾ ചേകവൻ

അറിശം പൂണ്ട് കൈകൾ വിരിച്ച് ആക്രോശിച്ചു... ഒരു ഹിപ്പോയെ കിട്ടിയിരുന്നെങ്കിൽ .... അതിന്റെ നാക്കു പിഴുതു ചെരുപ്പുണ്ടാക്കി ധരിക്കാമായിരുന്നു... രാത്രി ഭക്ഷണം കഴിഞ്ഞു.......വീണ്ടും ഒത്തു ചേരൽ..... ഭൂതം....വർത്തമാനം.... ഭാവി വ്യത്യസ്ത ജീവിത സാഹചര്യങ്ങളുടെ ഓർമ്മപ്പെടുത്തലുകളും, ആശങ്കകളും പങ്കുവയ്ക്കുന്നു. അവസാനം സംഘഗാനങ്ങളും ആലപ്പിച്ചു സന്ധ്യയേ പുളകമണിയിക്കുന്നു.



രാത്രിയിൽ താമസിക്കുന്ന കൂടാരത്തിന്റെ പരിസരത്തു ഹിപ്പോകൾ പുല്ലുമേഞ്ഞു കറങ്ങി നടക്കുന്നു. “നിദ്രവിഹിനികളല്ലോ....... വീണ്ടും ചേകവന്റെ രാവുകൾ."

വീണ്ടും പ്രഭാതം...... നടത്തവും കഥ പറച്ചിലും പതിവുപോലെ .... ഭക്ഷണം കഴിച്ചു ആഫ്രിക്കൻ അങ്കപുറപ്പാടിന്റെ മുഖ്യ ആകർഷണമായ മസായി മാറാ യിലേക്കു യാത്ര ആരംഭിക്കുന്നു. ദീർഘമായ യാത്ര.... വഴി മദ്ധ്യേ , ഭൂമദ്ധ്യരേഖ അടയാളപ്പെടുത്തിയിട്ടുള്ള സ്ഥലത്ത് അല്പം വിശ്രമം.... ഭൂമിയുടെ ആകർഷണ പ്രക്രിയയിലെ വ്യതിയാനങ്ങളെ കുറിച്ചുള്ള വിവരണങ്ങളും കൂടുതൽ പ്രായോഗിക നിഗമനങ്ങളും.... ശ്രദ്ധിക്കുന്നു... മനസ്സിലാക്കുന്നു....

വീണ്ടും യാത്ര തുടരുന്നു..... യാത്ര കൂടുതൽ ക്ലേശകരമായിരിക്കുന്നു. .... ഓരോ ചാട്ടത്തിലും വീഴ്ചയിലും ശരീര ഭാഗങ്ങൾ പലതും നഷ്ടപ്പെട്ട പ്രതീതി..... കല്ലും പുല്ലും കാറുക്ക് മെത്തെ ശരണം വിളിയോടെ അവസാനം ലക്ഷ്യസ്ഥാനത്തു എത്തിചേർന്നു. അവിടെയും സ്ഥലവാസികളുടെ ഹൃദ്യമായ സ്വാഗതഗാനവും ആട്ടങ്ങളും പൊടിപ്പൊടിക്കുന്നു. താമസിച്ചില്ല.... ചേകവനും തെറിച്ചു പോയ ശരീരഭാഗങ്ങൾ സ്വസ്ഥാനങ്ങളിൽ ഉറപ്പിച്ചു അവർക്കൊപ്പം പങ്കുചേർന്ന് ... ഏവരും ക്ഷീണം മറന്ന് ആഹ്ളാദിക്കുന്നു... ആസ്വദിക്കുന്നു... ഒപ്പം ഉച്ചഭക്ഷണവും....

വൈകുന്നേരമായപ്പോൾ ഗ്രാമീണ ജീവിതത്തിന്റെ ഉൾകാഴ്ചകളെ തേടിയുള്ള യാത്ര...... വീണ്ടും ഗ്രാമീണരുടെ സ്വാഗതസംഘം ഉയർന്നു ചാടുന്നു!!! പാടുന്നു.!!! നമ്മുടെ കൂട്ടത്തിലെ വൃദ്ധവീരപ്പന്മാരെല്ലാം അപ്രാപ്യമായതു നേടാൻ ഉയരാതെ ചാടുന്നു. കുഴയുന്നു.. ചേകവൻ സ്വതസിദ്ധമായ ശൈലിയിൽ ഉയർന്ന് പൊങ്ങുന്നു. എല്ലാ കണ്ണുകളും ആകാശത്തേക്ക് .... ചേകവൻ ആകാശ നീലിമയിൽ കാലുറപ്പിച്ചതു പോലെ.... അവസാനം കേമന്മാരിൽ കേമനായതു കൊണ്ട് ചേകവന് മൂപ്പൻ പട്ടം നല്കി സഭ ആദരിക്കുന്നു. കൂടാതെ 9 മുതൽ 19 വരെ പ്രായമുള്ള മങ്കമാരും കൂടെ പോരുവാൻ തയ്യാറായി നില്ക്കുന്നു.

ഹോ !! മൊഞ്ചത്തികൾ... കരിങ്കുയിലുകൾ...... മൂപ്പന്റെ മനസ്സിലും ലഡുപ്പൊട്ടിയ മോഹന നിമിഷങ്ങൾ..... കാര്യം ഗ്രഹിച്ച ശ്രീമതി കണ്ണുരുട്ടുന്നു. ചേകവൻ വാൾ ഉറയിൽ നിക്ഷേപിച്ചു നഷ്ടബോധത്തോടെ പിന്തിരിയുന്നു....



വീണ്ടും പ്രഭാതം..... ശരിയായ അങ്കത്തിന് സമയമായിരിക്കുന്നു... ഏകാഗ്രതയോടെ കളരി ദൈവവങ്ങളെ മനസ്സിൽ ധ്യാനിച്ചു..... പടവാളേന്തി..... ചേകവൻ മുൻനിരയിൽ തന്നെ.... ശത്രു ആരെന്നു നിർണ്ണയമില്ലാത്ത യുദ്ധത്തിന് യാത്ര തിരിക്കുന്നു.... ഉൾവനത്തിൽ അങ്ങിങ്ങായി പലതരം ചെറുമൃഗങ്ങൾ.... അതാ.... അവിചാരിതമായ ദിശയിൽ നിന്നും അശ്രദ്ധമായ സമയത്ത് ഒരു ചീറ്റപ്പുലി അങ്കഗർജ്ജനം മുഴക്കി മുന്നിലെത്തുന്നു..ചേകവൻ തേടിയ പോരാളി നേർക്കു നേർ.... കളരി ആശാൻമാരെ നമിച്ച് ഉടവാളെടുത്തി വീശി അങ്കളത്തിനുള്ള പോർവിളി ആഘോഷിക്കുന്നു..... പക്ഷെ ഫലമില്ല....ശത്രു മിത്രമായി കഴിഞ്ഞിരിക്കുന്നു...... വിശന്നുവലഞ്ഞ ചീറ്റയെ ആഹാരസമ്പാദനത്തിനു യാത്രയാക്കി ചേകവനും മറുദിശയിലേക്ക് യാത്ര തുടരുന്നു.



പ്രധാന ആകർഷണ കേന്ദ്രമായ വനഭാഗം എത്തിയിരിക്കുന്നു... ലക്ഷോപലക്ഷം വൈൽഡ് ബീറ്റുകൾ, സീബ്രാകൾ.... ഹോ അവിശ്വസനീയമായ കാഴ്ച..... മനസാകെ ഉന്മാദത്തിൽ... കെനിയേയും , ടാൻസാനിയായേയും വേർ തിരിക്കുന്ന മാറാ നദിക്കരയിൽ വന്നെത്തിയിരിക്കുന്നു.....

ഹിപ്പോ കൂട്ടങ്ങൾ കരയിലും വെള്ളത്തിലും ....തുല്യ അളവിൽ തന്നെ മുതലകൂട്ടങ്ങൾ നദിയിലും ഓരത്തും.

രണ്ടു രാജ്യങ്ങളുടേയും അതിർത്തി നിർണ്ണയിക്കുന്ന ശിലയുടെ സമീപമെത്തി ഉച്ചഭക്ഷണവും അല്പം വിശ്രമവും... ചുറ്റിലും സീബ്രാ, വൈൽഡ് ബീസ്റ്റ് തുടങ്ങിയ മൃഗങ്ങളുടെ അന്തമില്ലാത്ത കൂട്ടങ്ങൾ... ചേകവനു ക്ഷീണമില്ലല്ലോ .... ?? യാത്ര മുന്നോട്ടു തന്നെ... വഴി മദ്ധ്യേ ധാരാളം വിവിധയിനം മൃഗങ്ങളും പക്ഷികളും.... ഇരയെടുത്തു മയങ്ങുന്ന സിംഹകൂട്ടങ്ങൾ.... ചീറ്റ സഹോദരങ്ങൾ..... "കൊന്നാൽ പാപം തിന്നാൽ തീരും" എന്ന പ്രകൃതിയുടെ ആദ്യ സത്യവചനം, ആദിമനുഷ്യന്റെ ആദ്യപാഠവും നീതിബോധവും..... പാവങ്ങളെ ഉപദ്രവിക്കാതെ ചേകവനും സ്വയം ഒഴിഞ്ഞു മാറുന്നു.....

അതാ അങ്ങ് അകലായി ഒറ്റയാൻ വനമേഖലയിലെ തന്റെ രാജ്യവിസ്തൃതി നിർണ്ണയിക്കുന്നു.... കൂടെ ഇഷ്ടവിഭവങ്ങൾ ആർത്തിയോടെ ഭക്ഷിക്കുന്നുമുണ്ട്. ഒട്ടകപക്ഷികൾ ..... മാൻകൂട്ടങ്ങൾ.. ജക്കാൽ ശ്രേഷ്ഠന്മാർ തുടങ്ങിവ ഒട്ടനവധി പക്ഷി മൃഗാദികൾ വേറെയും.... മനസ്സു നിറയേ വനഭംഗിയും മൃഗങ്ങളുടെ ഒരുമയും പെരുമയും ആസ്വദിച്ച ഒരു മഹനീയ ദിവസത്തിന്റെ ഓർമ്മയുമായി താമസസ്ഥലത്തു വന്നു ചേർന്ന്.....

വൈകുന്നേരം കൂട്ടായ്മയിൽ പല വിഷയങ്ങളും ചർച്ച ചെയ്തു. പ്രത്യേകിച്ചു മക്കളുടെ പങ്കാളിത്തം കൊണ്ടു സദസ്സ് ശ്രദ്ധേയമായി. ...

ഈ കാലഘട്ടത്തിൽ വിവാഹത്തിന്റെ അനിവാര്യകതയേ കുറിച്ചു മക്കൾ കൂട്ടവുമായി വ്യക്തമായ തുറന്ന ചർച്ച....

വിവാഹം വഴി "നിത്യസ്നേഹം ജീവിതത്തിലും ജീവതം തന്ന നിത്യസ്നേഹവുമാകുന്ന" അവർണ്ണനീയമായ അനുഭൂതിയിലേക്കു മക്കളെ നയിക്കുവാൻ നമ്മൾ മാതാപിതാക്കൾ കടമപ്പെട്ടിരിക്കുന്നു. മക്കൾ ഈ സത്യം മനസിലാക്കേണ്ടിയിരിക്കുന്നു. കൂടെ മാതൃസംഘടനയുടെ പദ്ധതിയായ ഹോപ്പിന് വേണ്ടത്ര സ്വീകാര്യതയും അംഗീകാരവും അംഗങ്ങളിൽ നിന്നും ലഭ്യമാക്കുന്നു. ക്യാമ്പ് ഫയറിന്റെ അകമ്പടിയോടെ രാത്രിയിലും കേമമായി തന്നെ ഭക്ഷണവും..... കൂടെ ആട്ടവും പാട്ടും.... ഒക്കെ മേളം തന്നെ.... കേക്ക് കഴിച്ചു കൊഴുപ്പ് കൂട്ടുന്നു... സുദിനം അവസാനിക്കുന്നു.

സുപ്രഭാതം.... രാവിലെ തന്നെ ഉൾവനാന്തരങ്ങളിലേക്ക് യാത്ര.... ഇന്നലെ കണ്ട പല മൃഗങ്ങളും പക്ഷികളും വീണ്ടും കൺമുമ്പിൽ .... മാറാ നന്ദിയുടെ ഓരം ചേർന്ന് ഒരു പറ്റം സിംഹങ്ങൾ വിശ്രമത്തിലും ഉറക്കത്തിലുമാണ്... ശല്യം ചെയ്യാതെ അവയുടെ സാമീപ്യം വേണ്ടുവോളം ആസ്വദിച്ചു. അടുത്തു തന്നെ വേട്ടയാടപ്പെട്ട കാട്ടുപോത്തിന്റെ ശേഷിച്ച ശരീരഭാഗങ്ങളും കാണപ്പെട്ടു. .... മുതലകളും ഹിപ്പോകളും നദിയിലും ഓരത്തുമായി വിശ്രമത്തിൽ തന്നെ....! ആകാശത്ത് ബലൂൺ സവാരിക്കാർ ആകാശ വീക്ഷണം നടത്തുന്നുണ്ട്.. ചേകവന് അങ്കം പൂർണ്ണമായും സ്വന്തം ചുവടുകളും അടവുകളും കൊണ്ട് , നിയന്ത്രിച്ചതിന്റെ സംതൃപ്തി. ... കൂടെ സഹസഞ്ചാരികളെ രക്ഷപ്പെടുത്തി കേടുകൂടാതെ താമസസ്ഥലത്ത് തിരിച്ചെത്തിച്ചതിന്റെ നിർവൃതിയും.......



വീണ്ടും യാത്ര ആരംഭിക്കുന്നു.... ലക്ഷ്യം നെയ്റോബി.... വഴി മദ്ധ്യേ രണ്ടു വാഹനങ്ങൾക്ക് കേടുപറ്റുന്നു. വാഹനവ്യൂഹത്തിലെ തൊഴിലാളികളും യാത്രാ സംഘവും കൂട്ടായി പരിശ്രമിച്ച് വാഹനങ്ങളെ ഗതാഗതയോഗ്യമാക്കുന്ന ..... യാത്രയിൽ തന്നെ "ഗ്രേറ്റ് റിഫ്റ്റ് വാലി"യുടെ കാഴ്ച വഴിയോരത്തു നിന്നു വീക്ഷിക്കുന്നു..... മഹനീയം..... സന്ധ്യയോടെ നെയ്റോബിയിലേക്ക് വീണ്ടും വന്നെത്തിയിരിക്കുന്നു. ഭക്ഷണത്തോടൊപ്പം വിശാലമായ ഗാനസന്ധ്യ... അല്ല ആരാ അത് ...... നൈനാൻ സംഘത്തോടൊപ്പം ചേർന്നിരിക്കുന്നു... ഏവരും അദ്ദേഹവുമായി സൗഹൃദം പങ്കിടുന്നു.

വീണ്ടും പ്രഭാതം..... രാവിലെ തന്നെ ആനകളുടേയും ജിറാഫുകളുടേയും ക്ഷേമ സങ്കേതങ്ങൾ സന്ദർശിക്കുന്നു....... വളരെ കാര്യക്ഷമവും സുത്യർഹവുമായ പ്രവർത്തനങ്ങളിലൂടെ മൃഗങ്ങളെ സംരക്ഷിച്ചു പോരുന്നു. ... കൂടെ ആനകളെ ദത്തെടുക്കുവാനുള്ള സൗകര്യവും ഏർപ്പെടുത്തിയിരിക്കുന്നു.... ജിറാഫുകളെ തീറ്റിക്കാനും കൂടെ കളിക്കുവാനും സാദ്ധ്യമായ രീതിയിലാണ് സങ്കേതം... മക്കൾകൂട്ടം അല്ല "പൊട്ടക്കൂട്ടം" എല്ലാപേരും ജിറാഫുകളെ ചുംബിക്കുന്നു. കൂടെ കളിക്കുന്നു. ആഹാരം നല്കുന്നു... എവരും ആർത്തുല്ലസിക്കുകയാണ്.... ചേകവന് അസൂയയും...

ഉച്ചകഴിഞ്ഞു.... കെനിയൻ ബോമാസ് കേന്ദ്ര സന്ദർശനം... സാംസ്കാരിക സംഘം കെനിയൻ ജീവതാവകോനം ദൃഷ്യഭംഗിയോടെ അവതരിപ്പിക്കുന്നു.. കൂടെ ബോമാസുകളുടെ കുടിലുകളുടെ കെട്ടും മട്ടും കണ്ടു മനസ്സിലാക്കുന്നു. ഒപ്പം മൂപ്പന്റെ സ്ഥിരതാമസത്തിനുള്ള കൊട്ടാരവും ചേകവൻ പതിച്ചെടുക്കുന്നു.




രാത്രിയായി... എവരും ഒന്നു ചേർന്നിരിക്കുന്നു.... യാത്രാസംഘവും സദ്ഗുരു പ്രതിനിധികളും ചേർന്ന് യാത്രയെ അവലോകനം ചെയ്യുന്നു... വിലയിരുത്തുന്നു.... എവരുടേയും അഭിപ്രായത്തിൽ തൃപ്തിയും സന്തോഷവും നിറഞ്ഞു നില്ക്കുന്നു.... സമ്മാനങ്ങൾ കൈമാറുന്നു.... ഭക്ഷണവും ആട്ടവും പാട്ടും തുടരുന്നു.....

സദസ്സിലും വേദിയിലും നിറവാർന്ന് ഹക്കുന്ന മത്താത്ത..... ഉണർന്നുണർന്ന് ....ഒരുമതൻ ആർപ്പുനാദമായി..... വീണ്ടും വീണ്ടും ഹക്കുന്ന മത്താത്ത....

വീണ്ടും സമ്മേളിക്കുവാനുള്ള ദൃഢപ്രതിജ്ഞയുമായി എവരും വേദിയിൽ നിന്ന് വിട വാങ്ങുന്നു..... പൂർണ്ണ സംതൃപ്തിയോടെ...... !!!

പ്രഭാതം.... യാത്രാ മൊഴിയുടേയും ഒഴിഞ്ഞുപോക്കിന്റെയും സമയമെത്തിയിരിക്കുന്നു.... അംഗങ്ങൾ അവരവരുടെ യാത്രാരേഖകൾ പ്രകാരം സ്ഥലം വിട്ടുപൊയ്ക്കൊണ്ടിരിക്കുന്നു.

ചേകവനും പൂർണ്ണ തൃപ്തിയോടെ അടുത്ത അങ്കത്തിനായി ഫറവോന്മാരിൽ നിന്ന് ക്ലിയോ പാട്രയെ തട്ടിയെടുക്കുവാനും രക്ഷപ്പെടുത്താനുമായി യാത്ര തിരിക്കുന്നു. .. ആഫ്രിക്കൻ അങ്കത്തിന് "തട്ട്" സജ്ജീകരിച്ച എവരേയും സ്നേഹത്തോടെ ഓർക്കുന്നു.... അഭിനന്ദനങ്ങൾ അർപ്പിക്കുന്നു......

അഭിവാദനങ്ങളോട ചേകവ-മൂപ്പൻ.